(ഡി) ഇപ്രകാരം സസ്പെന്റ് ചെയ്യപ്പെട്ട ഓരോരുത്തരും എത്ര ദിവസം കഴിഞ്ഞ് സർവ്വീസിൽ തിരികെ പ്രവേശിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇപ്രകാരം സസ്പെൻഷൻ കഴിഞ്ഞ് സർവ്വീസിൽ പ്രവേശിച്ച ഉദ്യോഗസ്ഥൻമാരിൽ ആരുടെയൊക്കെ പേരിൽ രജിസ്റ്റർ ചെയ്തിരുന്ന കേസുകൾ അന്വേഷണം പൂർത്തിയായി കോടതിക്ക് ഫൈനൽ റിപ്പോർട്ട് നൽകി എന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഇപ്രകാരം മാധ്യമപ്രവർത്തകരെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്ത കേസുകളിൽ എത്ര എണ്ണം അന്വേഷണം പൂർത്തിയാക്കി കോടതിയിൽ ഫൈനൽ റിപ്പോർട്ട്/ചാർജ്ജ് നൽകിയെന്നും എത്ര എണ്ണം റഫർ റിപ്പോർട്ട് നൽകി എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം സിറ്റിയിൽ മ്യൂസിയം പി. എസ്. ക്രൈം 163/02 നമ്പരായി രജിസ്റ്റർ ചെയ്ത കേസ് അന്വേഷണം പൂർത്തിയാക്കി റഫർ റിപ്പോർട്ട് 15-5-2002-ന് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. കോഴിക്കോട് സിറ്റിയിൽ ചേവായൂർ പി.എസ്. ക്രൈം 74/03 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു.

(ബി) തിരുവനന്തപുരം സിറ്റിയിൽ മ്യൂസിയം പോലീസ് സ്റ്റേഷൻ പരിധിയിൽ ക്രൈം 163/02-ന്റെ എഫ്.ഐ.ആർ. 4-5-2002-ന് രജിസ്റ്റർ ചെയ്യുകയും പ്രസ്തുത കേസ് 15-5-2002-ന് റഫർ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുകയും ചെയ്തു. കോഴിക്കോട് സിറ്റിയിൽ ചേവായൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ 18-3-2003-ന് നടന്ന സംഭവത്തിൽ 19-3-2003-ന് ക്രൈം 74/03 നമ്പരായി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത് അന്വേഷണാവസ്ഥയിലാണ്.

(സി) രണ്ട് ഹവിൽദാർമാരേയും നാല് കോൺസ്റ്റബിൾമാരേയും സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ഡി) ആരേയും സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടില്ല.

(ഇ) കേസ് അന്വേഷണാവസ്ഥയിലാണ്.

(എഫ്) തിരുവനന്തപുരം സിറ്റിയിൽ മ്യൂസിയം പോലീസ് സ്റ്റേഷൻ പരിധിയിൽ മ്യൂസിയം പി.എസ്. ക്രൈം 163/02 കേസ് 15-5-2003-ന് റഫർ റിപ്പോർട്ട് ബഹു. കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

പത്രപ്രവർത്തകരും പോലീസുമായി ഉണ്ടാകുന്ന സംഘട്ടനങ്ങൾ

63 [5207] ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ:
,, രാജു എബ്രഹാം:
,, കെ. കെ. ജയചന്ദ്രൻ:
,, സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പത്രപ്രവർത്തകരും പോലീസുമായി ഇടയ്ക്കിടെ ഉണ്ടാകുന്ന സംഘട്ടനങ്ങൾ ഒഴിവാക്കുന്നതിനായി എന്തെങ്കിലും പുതിയ നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണന യിലുണ്ടോ;

(ബി) എങ്കിൽ അവ എന്തെല്ലാം ആണെന്ന് വിശദീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പത്രപ്രവർത്തകരും പോലീസുമായിട്ടുള്ള എത്ര സംഘട്ടനങ്ങൾ ഉണ്ടായി; അവയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി എന്ന് വിശദീകരിക്കുമോ;

(ഡി) ഇത്തരം കേസുകളുടെ അന്വേഷണവും വിചാരണയുമായി എന്തെങ്കിലും പ്രത്യേക സംവിധാനം ഉണ്ടാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

അമ്പലത്തറയിലെ വിജയനെ കൊലപ്പെടുത്താൻ ശ്രമിച്ച സംഭവം

64 [5208] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിൽ ഹോസ്ദുർഗ് പോലീസ് സ്റ്റേഷൻ പരിധിയിൽ വരുന്ന അമ്പലത്തറയിലെ വിജയനെ കൊലപ്പെടുത്താൻ ശ്രമിച്ച സംഭവം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് പ്രതികൾ എന്ന് അറിയിക്കാമോ;

(സി) പ്രതികളിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) പ്രതികളുടെ ലിസ്റ്റിൽപ്പെട്ടവർ അമ്പലത്തറയിലും പരിസരങ്ങളിലും നിരന്തരം കുഴപ്പമുണ്ടാക്കുന്നവരാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹോസ്ദുർഗ് പോലീസ് സ്റ്റേഷനിൽ ക്രൈം 256/03 യു/എസ് 326, 307 ആർ/ഡബ്ല്യു 34 ഐ.പി.സി. ആയി മോഹനൻ വാഴക്കോട് എന്നയാളിന്റേയും മറ്റു കണ്ടാ ലറിയാവുന്ന മൂന്നു പേരുടേയും പേരിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചു വരികയാണ്.

(സി) ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly